(ഡി) 2011 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

പുതിയ പട്ടാമ്പി പാലം നിർമ്മിക്കുന്നതിന് നടപടി

255 (852) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പിയിൽ ഭാരതപ്പുഴയുടെ കുറുകെ സ്ഥിതിചെയ്യുന്ന നിലവിലുള്ള പാലത്തിന്റെ ബലക്ഷയം പരിഗണിച്ച് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ്സ് സംഖ്യ എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പാലം പണിയുന്നതിനുള്ള സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

മന്ത്രി മന്ദിരങ്ങളുടെ നിർമ്മാണം

256 (853) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കായി നിർമ്മിക്കുന്ന പുതിയ മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘടത്തിലാണ് ;

(ബി) ഇത്തരത്തിൽ പുതുതായി നിർമ്മിക്കുന്ന ഓരോ മന്ത്രിമന്ദിരങ്ങളുടെയും ചെലവ് എത്ര രൂപ വീതമാണ് ;

(സി) ഈ മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നറിയിക്കുമോ ;

(ഡി) ഈ മന്ത്രിമന്ദിരങ്ങൾകൂടി പൂർത്തിയാകുമ്പോൾ സംസ്ഥാനത്ത് എല്ലാ മന്ത്രിമാർക്കും ഔദ്യോഗിക വസതികൾ ലഭ്യമാക്കാൻ കഴിയുമോ ;

(ഇ) ഇനിയും കൂടുതലായി പുതിയ മന്ത്രിമന്ദിരങ്ങൾ നിർമ്മിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കായി പുതിയതായി ആറ് മന്ദിരങ്ങളാണ് നിർമ്മിക്കുന്നത്. ഇവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 70 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫ്ളോറിംഗ്, പെയിന്റിംഗ്, സാനിറ്ററി ഫിറ്റിംഗ്സ് മുതലായ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രവൃത്തി പുരോഗമിക്കുന്ന ആറ് മന്ദിരങ്ങളിൽ ഓരോന്നിലും ടെണ്ടർ അധിക തുക ഉൾപ്പെടെ 1,25,00,000 രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ഈ മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണം 2011 മാർച്ച് മാസം 31-ന് മുൻപ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പ്രതിപക്ഷ നേതാവിന്റേത് ഉൾപ്പെടെ ഇപ്പോൾ നിലവിൽ 15 മന്ത്രി മന്ദിരങ്ങൾ ഉണ്ട്. പുതിയതായി ആറ് മന്ദിരങ്ങളാണ് നിർമ്മിക്കുന്നത്. ഇതുകൂടി പൂർത്തിയാകുന്നതോടെ എല്ലാ മന്ത്രിമാർക്കും ഔദ്യോഗിക വസതികൾ ലഭ്യമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

വയനാട് ജില്ലയിലെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

257 (854) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ നാല് വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ താലൂക്ക്തല വിശദാംശം വ്യക്തമാക്കുമോ ?

(ബി) നാലുവർഷം വൈത്തിരി താലൂക്കിൽ ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റ കോടതിയുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(സി) കൽപ്പറ്റ കോടതി നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് 600 ലക്ഷം രൂപയുടെ പ്രൊപ്പോസൽ. ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly